LIBRARY ARCHIVES Kerala Legislative Assembly

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ്

372(4382) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന അപകടങ്ങളും യാത്രാക്ലേശവും കണക്കിലെടുത്ത് ഈ റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ റോഡ് കടന്നുപോകുന്ന മുളവുകാട് വടക്കേ അറ്റത്ത് നിർമ്മിച്ചിട്ടുള്ള ദുരുങ്ക പാതയും ബോൾഗാട്ടിയിൽ നിന്നും ദുരുങ്കപാതയിലൂടെ മുളവുകാടേക്ക് പ്രവേശിക്കുന്നതിനുള്ള അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&സി) വിവരം ശേഖരിച്ചു വരുന്നു.

തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക പാർക്കും മ്യൂസിയവും

373(4383) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക പാർക്കും മ്യൂസിയവും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) ഈ വിഷയം പരിശോധിച്ചിട്ടില്ല. യാതൊരു നിർദ്ദേശവും നിലവിലില്ല.

ചങ്ങനാശ്ശേരി പൈതൃക മ്യൂസിയം

374 (4384) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരിയിൽ ഒരു കലാ സാംസ്കാരിക കേന്ദ്രവും പൈതൃക മ്യൂസിയവും ആരംഭിക്കുന്നതിന് 1,42,16,812 രൂപ നൽകി ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്തുമന ഏറ്റെടുത്ത് അതിന്റെ ഘടനാ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിൽ ആരംഭിക്കുന്നതാണ്.